(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(സി) കേന്ദ്ര പാക്കേജുകളിൽ നിന്ന് പൊന്നാനി കോൾ മേഖലയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ട്; ഏതെല്ലാം പൂർത്തിയാകാനുണ്ട് ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കാർഷിക സർവ്വകലാശാലയുടെ കീഴിലെ സ്ഥാപനങ്ങൾ

205 (1581) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന റിസർച്ച് സ്റ്റേഷനുകളുടെയും ടെയിനിംഗ് എക്സ്റ്റൻഷൻ സെന്ററുകളുടെയും കൃഷി വിജ്ഞാൻ കേന്ദ്രങ്ങളുടെയും ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ പ്രവർത്തിക്കുന്ന ലാബുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമന നടപടികളുടെ വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങളും നിയമനങ്ങളുടെ മാനദണ്ഡവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ തസ്തികകളിലെ നിലവിലുള്ള ഒഴിവുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(എഫ്) നിയമനം നടത്തുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ദേശീയ അംഗീകാരമുള്ള 2 ലബോറട്ടറികളിൽ ഒന്ന് ഔഷധസസ്യ സുഗന്ധവ്യഞ്ജന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പന്നങ്ങളുടെ റീജണൽ റിസർച്ച് ലബോറട്ടറി ഓടക്കാലി ഗവേഷണ കേന്ദ്രത്തിലും രണ്ടാമത്തേത് കീടനാശിനി അവശിഷ്ട പരിശോധനാലാബ് വെള്ളായണി കാർഷിക കോളേജിലുമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ പഠന ഗവേഷണവുമായി ബന്ധപ്പെട്ടതും വിവിധ ഗവേഷണ കേന്ദ്രങ്ങളോടനുബന്ധിച്ചും എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടിയ ലാബുകൾ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലും ഗവേഷണ കേന്ദ്രങ്ങളിലും പ്രവർത്തിച്ചുവരുന്നു.

(സി & ഡി) സർവ്വകലാശാലയുടെ ആക്ടും സ്റ്റാറ്റ്യൂട്ടും നിഷ്കർഷിക്കുന്ന യോഗ്യതകളനുസരിച്ച് വിവിധ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം സർവ്വകലാശാല നേരിട്ടാണ് നടത്തിവരുന്നത്. 18-12-2010-ലെ സ.ഉ.(എം.എസ്.) 399/10/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കെ.പി.എസ്.സി. മുഖേന നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. സ്റ്റാറ്റ്യൂട്ട് ഭേദഗതിക്ക് ബഹുമാനപ്പെട്ട ചാൻസലറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിക്കൊണ്ട് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കും വിധമുള്ള നിയമനിർമ്മാണം സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സർവ്വകലാശാലയ്ക്ക് സാധിക്കുകയുള്ളൂ.

ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ തസ്തികകളിലേയ്ക്ക് നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. അദ്ധ്യാപക തസ്തികകൾ-27

2. അനദ്ധ്യാപക തസ്തികകൾ-121

തസ്തികമാറ്റം വഴിയും സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിത നിയമനം വഴിയും 121 പേരെ നിയമിച്ചിട്ടുണ്ട്.

(ഇ) കാർഷിക സർവ്വകലാശാലയിൽ അദ്ധ്യാപക തസ്തികകളിൽ 310 ഒഴിവും അനദ്ധ്യാപക തസ്തികകളിൽ 890 ഒഴിവും നിലവിലുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(എഫ്) സർവ്വകലാശാലയുടെ ആക്ടും സ്റ്റാറ്റ്യൂട്ടും നിഷ്കർഷിക്കുന്ന യോഗ്യത കളനുസരിച്ച് വിവിധ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം സർവ്വകലാശാല നേരിട്ടാണ് നടത്തിവരുന്നത്. 18-12-2010-ലെ സ.ഉ.(എംഎസ്.) 399/10/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കെ.പി.എസ്.സി. മുഖേന നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. സ്റ്റാറ്റ്യൂട്ട് ഭേദഗതിക്ക് ബഹുമാനപ്പെട്ട ചാൻസലറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിക്കൊണ്ട് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കും വിധമുള്ള നിയമ നിർമ്മാണം സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സർവ്വകലാശാലയ്ക്ക് സാധിക്കുകയുള്ളൂ.

പോളച്ചിറ ഏലായിൽ പുഞ്ചകൃഷി

206 (1582) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലായിൽ പുഞ്ചകൃഷിക്ക് യോഗ്യമായ എത്ര ഏക്കർ ഭൂമി ഉണ്ടെന്ന് കൃഷി വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമി എത്ര കൃഷിക്കാരുടെ കൈവശമാണെന്നും, കൃഷി നടപ്പിലാക്കുമ്പോൾ എത്ര കൃഷിക്കാർ വരെ കൃഷിക്ക് താല്പര്യം കാണിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) 2015-16 വർഷം പ്രസ്തുത ഏലായിൽ പുഞ്ചകൃഷി നടത്തുന്നതിലേക്കായി തിരുവല പഞ്ചായത്തും, കൃഷിവകുപ്പും ചേർന്ന് പദ്ധതി ആസൂത്രണം ചെയ്തിരുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത പുഞ്ചകൃഷി ആരംഭിക്കുന്നതിലേക്കായി തടസ്സങ്ങൾ വല്ലതും ഉണ്ടായിരുന്നോ; എങ്കിൽ ആയത് പരിഹരിക്കുന്നതിലേക്കായി എന്ത് നടപടികളാണ് അധികൃതർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പോളച്ചിറ ഏലായിൽ പുഞ്ചകൃഷി ലാഭകരമായി നടത്താമെന്ന് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൃഷിഭവൻ അടിസ്ഥാനരേഖ രജിസ്റ്റർ പ്രകാരം പോളച്ചിറ ഏലായിൽ 1000 ഏക്കർ സ്ഥലമുള്ളതിൽ 500 ഏക്കർ സ്ഥലം പുഞ്ചനെൽകൃഷി ചെയ്യുന്നതിന് അനുയോജ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly